എക്സൈസ് കമ്മീഷണറുടെ നടപടിക്രമം, കേരളം, തിരുവനന്തപുരം
(സാന്നിദ്ധ്യം. എസ്. ആനന്ദകൃഷ്ണൻ ഐപിഎസ്)

വിഷയം:- എക്സൈസ് ഭരണപരം- മലപ്പുറം ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01/01/2009 മുതൽ 19/08/2011 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1.08/10/2015-ലെ 7180/എഫ്1/13/റ്റി.ഡി നമ്പർ സർക്കാർ കത്ത്.
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ (ഇ.കെ.എം) 2020/17 നമ്പർ അന്യായത്തിന്മേൽ 19/9/2017 തീയതിയിലെ ഇടക്കാല ഉത്തരവ്.
3. ഈ ഓഫീസിലെ 12/03/2019-ലെ EXC/1074/2016-XD3-MPM നമ്പർ നടപടി ക്രമം.
4. മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 11/02/2019, 08/08/2019 തീയ്യതിയിലെ എം.1-3281/16 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഇ.എക്സ്.സി/1074/16 എക്സ്.ഡ3-എം.പി.എം. തീയതി.19/10/2019**

മലപ്പുറം ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01/01/2009 മുതൽ 19/08/2011 വരെയുള്ള പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിനെതിരെ പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ.സിജോ.സി.കെ, റ്റി.ഷിജുമോൻ, എ.പി.ഉണ്ണികൃഷ്ണൻ, രാജേഷ്.എ.കെ എന്നിവർ പരാതി സമർപ്പിക്കുകയുണ്ടായി. പരാതിക്കാരുടെ ആവശ്യം പരിഗണിച്ച് നിവേദകരെ 17/06/2019-ൽ നേരിൽ കേൾക്കുകയുണ്ടായി. ഹിയറിംഗ് വേളയിൽ പരാതിക്കാർ താഴെ രേഖപ്പെടുത്തിയതിൻ പ്രകാരം ആക്ഷേപങ്ങൾ ഉന്നയിക്കുകയുണ്ടായി.

(2) 01/01/2009 മുതൽ 19/08/2011 കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിലെ ആദ്യത്തെ പത്തുപേർക്ക് 01/01/2009 നു മുമ്പുള്ള തീയതികളിലുള്ള ഒഴിവുകളിൽ അസൈൻമെന്റ് നൽകിയിട്ടുണ്ട് 01/01/2009 -ലെ മലപ്പുറം ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ കേഡർ സ്ട്രെങ്ത് 53 ആണ്. 8 ഡയറക്ട് പ്രിവന്റീവ് ഓഫീസർമാർ തൽസമയം ഉണ്ടായിരുന്നു. ആയതും നിലവിലെ 14 വേക്കൻസിയും ചേർത്ത് സീനിയോരിറ്റി ലിസ്റ്റിൽ 22 പേരെ പാടുള്ളൂ. ശ്രീ.എ.കെ.രാജേഷിന്റെ ലാവണം മലപ്പുറത്ത് നൽകണം ശ്രീ.എ.എസ്.ജയന്റെ ലാവണം എറണാകുളം ജില്ലയിൽ നിലനിർത്തണം.

(3) (1) ശ്രീ.എം.നിർമ്മലൻ (2) ശ്രീ.കെ.രാമചന്ദ്രൻ (3) ശ്രീ.ടി.രവീന്ദ്രൻനാഥൻ (4)ശ്രീ.പി.ജോസഫ് എന്നിവർ 31/03/2010 -ൽ വിരമിച്ച ഒഴിവ്. (5) ശ്രീ.രാധാകൃഷ്ണൻ അരിമ്പ്ര 22.07.2010-ൽ മരണപ്പെട്ട ഒഴിവ്. (6) ശ്രീ.പി.കെ.മുഹമ്മദ് (7) ശ്രീ.ജോസഫ് കുര്യൻ (8) ശ്രീ.ഇ.സി. അബ്ദുൾ മജീദ്, (9) ശ്രീ.എ.പി.മുഹമ്മദ് ഇസ്മായീൽ, (10) ശ്രീ.യു.വി.മോഹനൻ

(11) ശ്രീ.എസ്. മോഹനൻ (12) ശ്രീ.എം.വി.രാജൻ (13) ശ്രീ.സി.എം.ബാലൻ എന്നിവർ 31/03/2011-ന് വിരമിച്ച ഒഴിവ്. (14) 26/04/2011-ന് ശ്രീ.അനിൽ.എം.എ എക്സൈസ് വകുപ്പിൽ നിന്നും വിടുതൽ ചെയ്ത ഒഴിവ് എന്നിങ്ങനെ ആകെ 14 ഒഴിവുകളാണ് മലപ്പുറം ഡിവിഷനിൽ 01/01/2009 മുതൽ 19/08/2011 കാലയളവിലുള്ളത്.

(4) 17.02.2012 തീയതിയിലെ ഉത്തരവ് നം.എക്സ്.ഡി.3-32000/11 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 01/01/2004 മുതൽ 31/12/2008 വരെ കാലയളവിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നം. 114 സി.പി.ജോർജ്ജ് -ന് 01/05/2006, ക്രമ നം. 158 മുഹമ്മദ്കോയ യ്ക്ക് 06/12/2006, ക്രമ നം. 196 പി.വി.രാധാകൃഷ്ണൻ-ന് 01/03/2007 എന്നിങ്ങനെയാണ് അസൈൻമെന്റ് നൽകിയിരിക്കുന്നത്. ആകയാൽ ടിയാന്മാരുടെ പ്രൊമോഷൻ തീയതി ഈ കാലയളവിലെ അസൈൻമെന്റിനായി പരിഗണിക്കാനാവില്ല.

(5) 2006, 2007 വർഷങ്ങളിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ അസൈൻമെന്റ് നൽകിയിട്ടുള്ള ടിയാന്മാർക്ക് XD3-3083/09(1), XD3-3083/09(2) dated 17/08/2009 പ്രകാരം അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിലേക്ക് പ്രൊമോഷൻ ലഭിച്ചിട്ടുണ്ടെന്നും, ആ വേക്കൻസിയിലേക്ക് എം.അബ്ദുൾ ബഷീർ, കെ. അബ്ദുൾ ഹമീദ്, വി.രവീന്ദ്രൻ എന്നീ എക്സൈസ് ഗാർഡുകളെ പ്രിവന്റീവ് ഓഫീസർമാരായി ആയി പ്രൊമോട്ട് ചെയ്തതായും മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 19/08/2009-ലെ Order No.M1-7/09 നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ശ്രീ.സി.പി. ജോർജിന്റെ ഒഴിവിലേക്ക് ശ്രീ.സി.എം.ബാലൻ (Sl.No.28) ശ്രീ.ഇ.മുഹമ്മദ്കോയയുടെ ഒഴിവിലേക്ക് എൻ.വേണുഗോപാലൻ (Sl.No.37)ശ്രീ.പി.വിരാധാകൃഷ്ണന്റെ ഒഴിവിലേക്ക് കെ.ജി.മുരളീധരൻ (Sl.No.237)എന്നിവർക്ക് Assignment നൽകിയതായി 24/03/12-ലെ 01/07/2003 മുതൽ 31/12/08 ലെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ കാണാവുന്നതാണ്. ഓരോ ഒഴിവിലേക്കും രണ്ടുപേർക്ക് വീതം അസൈൻമെന്റ് വ്യത്യസ്ത തീയതികളിലായി നൽകിയിട്ടുണ്ട്.

(6) മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 30/12/2008-ലെ ഉത്തരവ് നം.എം.1-1975/01 ഉത്തരവിൻ പ്രകാരം 29/12/2008-ൽ പ്രിവന്റീവ് ഓഫീസർമാരായ ക്രമ നം.2 ശ്രീ.റ്റി.പി.പുരുഷൻ ക്രമ നം.35 ശ്രീ.എ.പി.ഹരിഹരൻ, ക്രമ നം.43 ശ്രീ.പി.ഉണ്ണികൃഷ്ണൻ ക്രമ നം.48 ശ്രീ.മുഹമ്മദ് ബഷീർ എന്നിവർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ആയി സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതും ടി ഒഴിവുകളിലേക്ക് എക്സൈസ് ഗാർഡുകൾക്ക് പ്രിവന്റീവ് ഓഫീസർ മാരായി പ്രൊമോഷൻ നൽകുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ 01/07/03 മുതൽ 31/12/08-ലെ പ്രിവന്റീവ് ഓഫീസർമാരുടെ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ.ഹരിഹരന്റെ വേക്കൻസിയിൽ (01/07/2004)-ൽ ശ്രീ.മുഹമ്മദ് അബ്ദുറഹ്മാൻ.കെ.വി യ്ക്കും

(ക്രമ നം.19) ശ്രീ.പി. ഉണ്ണികൃഷ്ണന്റെ വേക്കൻസി (01/03/2005) ശ്രീ.സി.പി.മുഹമ്മദ് ഇസഹാക്കിനും (ക്രമ നം.20) മുഹമ്മദ് ബഷീറിന്റെ വേക്കൻസി (01/04/05) ശ്രീ.അശോകൻ.എൻ - നും (ക്രമ നം.21) ശ്രീ.ടി.പി.പുരുഷന്റെ വേക്കൻസി(01/05/2006) ശ്രീ.എം.വി.രാജനും (ക്രമ നം.27) നൽകിയതായി കാണുന്നു. ഇവിടെയും ഒരാളുടെ വേക്കൻസിക്ക് രണ്ടുപേർക്ക് അസൈൻമെന്റ് എന്ന രീതി കാണപ്പെടുന്നു. 01/01/2004 മുതൽ 31/12/2008 വരെയുള്ള അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം.35 എ.പി.ഹരിഹരൻ, ക്രമ നം.111 റ്റി.പി.പുരുഷൻ, ക്രമ നം.60 പി.ഉണ്ണികൃഷ്ണൻ, ക്രമ നം.67 ശ്രീ.മുഹമ്മദ് ബഷീർ ഉൾപ്പെട്ടിട്ടുമുണ്ട്.

(7) മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ ഉത്തരവ് നം.എം.1-1977/05 തീയതി 04/12/2008 പ്രകാരം പ്രിവന്റീവ് ഓഫീസർമാരായ ശ്രീ. വി.നൗഷാദിന് ശ്രീ.എൻ.ചന്ദ്രശേഖരൻ ആചാരിയുടെ വിരമിക്കൽ തീയതി, ശ്രീ. പി.ജോസഫിന് ശ്രീ.ഡി.വൈ.ഡേവിഡ്സൺ ന്റെ വിരമിക്കൽ തീയതി, ഉത്തരവ് നം. എം.1-1977/05 തീയതി 01/10/2008 പ്രകാരം ശ്രീ. റ്റി.വി.മധുസൂദനന് ശ്രീ. പി.കെ.ഉമ്മറിന്റെ വിരമിക്കൽ തീയതി, ഉത്തരവ് നം. എം.1-1977/05 തീയതി 02/08/2008 പ്രകാരം ശ്രീ. കെ.ഷൗക്കത്തലിക്ക് ശ്രീ. എ.സുലൈമാന്റെ വിരമിക്കൽ തീയതി ഉത്തരവ് നം എം.1-1977/05 തീയതി 01/07/2008 പ്രകാരം ശ്രീ. എസ്.സയ്യിദ് ജലാലുദ്ദീന് ശ്രീ. പി.മുഹമ്മദിന്റെ വിരമിക്കൽ തീയതി ശ്രീ. റ്റി.മൊയ്ദു വിന് ശ്രീ.കെ.വി.ഉണ്ണിയുടെ വിരമിക്കൽ തീയതി എന്നിങ്ങനെ അസൈൻമെന്റ് നൽകിയിരിക്കുന്നു. എന്നാൽ ടി ഒഴിവുകളെല്ലാം 2008-ൽ ആയതിനാൽ 01/01/2009 മുതലുള്ള പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താനാവില്ല. മാത്രമല്ല വിരമിച്ച മേൽ പ്രിവന്റീവ് ഓഫീസർമാരുടെ വേക്കൻസിയിൽ മറ്റു എക്സൈസ് ഗാർഡുകൾക്ക് പ്രൊമോഷൻ നൽകിയിട്ടുള്ളതായും കാണുന്നു.

(8) ലഭ്യമായ രേഖകൾ പ്രകാരം മേൽ സൂചിപ്പിച്ചിട്ടുള്ള പരാതികൾ പരിശോധിച്ചതിൽ 31/01/2010-ൽ വിരമിച്ച പ്രവന്റീവ് ഓഫീസർമാരായ സ/ശ്രീ.എം.നിർമ്മലൻ, കെ.രാമചന്ദ്രൻ, ടി.രവീന്ദ്രനാഥൻ എന്നിവരുടെ വിരമിക്കൽ തീയതികളും 22/07/2010-ൽ മരണപ്പെട്ട രാധാകൃഷ്ണൻ അരിമ്പ്ര എന്ന പ്രിവന്റീവ് ഓഫീസറുടെ വേക്കൻസിയും 31/03/2011-ൽ വിരമിച്ച പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ.പി.കെ.മുഹമ്മദ്, ജോസഫ് കുര്യൻ, ഇ.സി. അബ്ദുൾ മജീദ്, എ.പി.മുഹമ്മദ് ഇസ്മായിൽ, യു.വി.മോഹനൻ, എസ്. മോഹനൻ, എം.വി.രാജൻ, സി.എം.ബാലൻ എന്നിവരുടെ വേക്കൻസിയും 26/04/2011-ൽ ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ വാങ്ങിപ്പോയ ശ്രീ.എം.എ.അനിലിന്റെ വേക്കൻസിയും ആർക്കും അസൈൻ ചെയ്തതായി കാണുന്നില്ല. 31/03/2010-ൽ വിരമിച്ച ശ്രീ.പി.ജോസഫിന് പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്ക് താൽക്കാലിക പ്രമോഷൻ

മാത്രമാണ് ലഭിച്ചിരുന്നത്. ആയത് ക്രമീകരിക്കപ്പെട്ടിരുന്നില്ല. അതിനാൽ ശ്രീ.പി.ജോസഫിന്റെ വിരമിക്കൽ തീയതിക്ക് അസൈൻമെന്റ് നൽകാനാവില്ല.

(9) മേൽപ്പറഞ്ഞ വസ്തുതകളിൻ പ്രകാരം ആകെ 13 പേർക്കു മാത്രമേ അസൈൻമെന്റ് നൽകാനാവുകയുള്ളൂ. ആയതിനാൽ മലപ്പുറം ഡിവിഷനിലെ 19/08/2009, 30/12/08, 04/12/2008, 01/10/2008, 02/08/08, 01/07/2008 തീയതികളിലെ ഉത്തരവുകൾ ക്രമപ്രകാരമല്ല എന്ന് കണ്ടതിനാൽ മേൽപ്പറഞ്ഞ പിഴവുകൾ പരിഹരിച്ച് മലപ്പുറം ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01/01/2009 മുതൽ 19/08/2011 വരെയുള്ള പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിന്റെ കരട് ലഭ്യമാക്കാൻ മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറോട് നിർദ്ദേശിച്ചതിൻ പ്രകാരം ടി ന്യൂനതകൾ പരിഹരിച്ച് പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിന്റെ കരട് 24/07/2019-ൽ ലഭ്യമാക്കിയിട്ടുണ്ട്.

(10) മേൽ പറഞ്ഞ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തിയും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) മാരായ ശ്രീ.എസ്.രാധാകൃഷ്ണൻ, ശ്രീ.പ്രസാദ് മാത്യൂ എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ (ഇ.കെ.എം) 2020/17 നമ്പർ അന്യായം ഉൾപ്പെടെ പ്രിവന്റീവ് ഓഫീസർ/ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോരിറ്റി ലിസ്റ്റുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകളുടെ അന്തിമ വിധിക്ക് വിധേയമായും മലപ്പുറം ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01/01/2009 മുതൽ 19/08/2011 വരെയുള്ള പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കും പ്രകാരം അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

ഒപ്പ്/-
എക്സൈസ് കമ്മീഷണർ

ഗ്രാഹകൻ
വ്യക്തികൾക്ക്

പകർപ്പ് :
1. അഡീ.എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
2. വിജിലൻസ് ഓഫീസർ (എക്സൈസ്)
3. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
5. വെബ് സൈറ്റ്
6. ഉത്തരവ് ഫയൽ/കരുതൽ ഫയൽ

അംഗീകാരത്തോടെ

സൂപ്രണ്ട്

ജെ.എം.

Appended to Order No. EXC/1074/2016-XD3-MPM dated : 19/10/2019

# FINAL SENIORITY LIST OF PREVENTIVE OFFICERS FOR THE PERIOD FROM 01/01/2009 to 19/08/2011

## MALAPPURAM DIVISION

**Cadre Strength as on 01/01/2009 : 53**

**Cadre Strength as on 19/08/2011 : 53**

| Sl. No | Name | Academic Qualification (SSLC/Not) | Date of Birth | Date of Commencement of Service | Test Qualifications | Date on which fully qualified for the post of Preventive Officer | Date of assignment in the post of Preventive Officer | Date of Advice/ Occurence of Vacancy in the cadre of Preventive Officer | Nature of Occurrence *(Retirement/ Promotion/ Death/ Creation)* | Date on which Promoted/ Appointed to the cadre of Preventive Officers |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | T. Shiju Mon | BA | 30-05-1986 | 22-09-2010 | MOP, Ex.Test A/c Test-L | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 2 | P.R. Ranjith | SSLC | 04-07-1979 | 22-09-2010 | | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 3 | M.A. Anil | SSLC | 30-05-1979 | 22-09-2010 | | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 4 | M.V. Arun Dev | SSLC | 11-04-1984 | 22-09-2010 | | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 5 | Bibin A.G. | SSLC | 14-05-1982 | 22-09-2010 | | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 6 | K. Jafar | MA | 15-04-1978 | 22-09-2010 | | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 7 | A.K. Rajesh | VHSC | 15-05-1983 | 22-09-2010 | MOP, Ex.Test A/c Test-H | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 8 | M.P. Unnikrishnan | BCom | 11-04-1984 | 22-09-2010 | MOP, Ex.Test A/c Test-H | 29-03-2010 | 29-03-2010 | 29-03-2010 | Direct Recruitment | 22-09-2010 |
| 9 | Sayed Jalaludheen S. | SSLC | 01-08-1962 | 08-03-1989 | PO Test | Dec 1999 | 01-04-2010 | 01-04-2010 | Retirement of P.M. Nirmalan | 01-07-2008 |
| 10 | Moidu T. | SSLC | 30-05-1962 | 18-10-1990 | PO Test | 21-01-1993 | 01-04-2010 | 01-04-2010 | Retirement of K. Ramachandran | 01-07-2008 |

Appended to Order No. EXC/1074/2016-XD3-MPM dated : 19/10/2019

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| 11 | Shoukathali K. | SSLC | 01-01-1958 | 19/10/1990 | PO Test | | 01-04-2010 | 01-04-2010 | Retirement of T. Raveendranath | 02-08-2008 |
| 12 | Madhusoodanan T.V. | SSLC | 23-02-1961 | 19-10-1990 | PO Test | | 23-07-2010 | 23-07-2010 | Death of Arimbra Radhakrishnan P. | 01-10-2008 |
| 13 | Noushad V. | PDC | 28-05-1972 | 12-01-1996 | PO Test, Ex.Test A/c Test-H, MOP | Jul 1997 | 01-04-2011 | 01-04-2011 | Retirement of P.K. Mohammed | 04-12-2008 |
| 14 | Haridasan P. | SSLC | 04-03-1970 | 29-11-1996 | PO Test, Ex.Test A/c Test-L, MOP | Dec 1998 | 01-04-2011 | 01-04-2011 | Retirement of E. Joseph Kurian | 30-12-2008 |
| 15 | Dipeesh A.P. | SSLC | 16-03-1977 | 11-12-1996 | PO Test, Ex.Test MOP | Jan 2006 | 01-04-2011 | 01-04-2011 | Retirement of E.C. Abdul Majeed | 30-12-2008 |
| 16 | Koyakkutty T.K. | BA BEd | 01-06-1961 | 08-04-1992 | PO Test | Jun 1996 | 01-04-2011 | 01-04-2011 | Retirement of U.V. Mohanan | 30-12-2008 |
| 17 | Pradeep Kumar R. | SSLC | 13-12-1963 | 08-07-1992 | PO Test | 24-09-1996 | 01-04-2011 | 01-04-2011 | Retirement of S. Mohanan | 30-12-2008 |
| 18 | Abdul Basheer M. | SSLC | 01-06-1963 | 22-04-1992 | PO Test | 02-11-1999 | 01-04-2011 | 01-04-2011 | Retirement of M.V. Rajan | 19-08-2009 |
| 19 | Abdul Hameed K. | SSLC | 01-04-1959 | 13-07-1992 | PO Test | | 01-04-2011 | 01-04-2011 | Retirement of C.M. Balan | 19-08-2009 |
| 20 | Raveendran V. | BCom | 10-03-1962 | 13-07-1992 | PO Test | Jun 1999 | 01-04-2011 | 01-04-2011 | Retirement of A.P. Mohammed Ismail | 19-08-2009 |
| 21 | Sankaran V. | SSLC | 01-06-1957 | 20-07-1992 | PO Test | | 26-04-2011 | 26-04-2011 | Relief of Anil M.A. | 01-04-2011 |

***Sd/-***
**Excise Commissioner**